**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1676** — **08-10-2021 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടപ്പാക്കിയ കാര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് ഒറ്റപ്പാലം മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടപ്പാക്കിയ കാര്യങ്ങൾ വിശദമാക്കാമോ; ഇതിനായി എത്ര രൂപ അനുവദിച്ചെന്ന് വ്യക്തമാക്കാമോ; | (എ) | ഒറ്റപ്പാലം മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ പദ്ധതി വിഹിതത്തിൽ ഉൾപ്പെട്ട എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനം, അക്കാദമിക അന്തരീക്ഷം മെച്ചപ്പെടുത്തൽ, പഠന-ബോധന പ്രവർത്തനങ്ങളുടെ നിലവാരമുയർത്തൽ എന്നീ തുടർ പദ്ധതികളിലൂടെ വിവിധ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഈ സർക്കാർ നിലവിൽ വന്ന ശേഷം ടി സ്ഥാപനത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നിർമ്മാണ പ്രവൃത്തികളിൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി 25,97,000/- രൂപയുടെയും കോൺക്രീറ്റ് ലാബ് നിർമ്മിക്കുന്നതിനായി 25,46,000/- രൂപയുടേയും പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | ഒറ്റപ്പാലം മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജിന് രണ്ട് പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച ഫയലിന്മേലുള്ള നടപടി വിശദമാക്കാമോ? | (ബി) | ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയ റിംഗ് കോളേജിൽ M.Tech in Electrical Drives and Control, M.Tech in Artifical Intelligence and Data Science, M.Techn in Internet of Things എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ